123 തൊഴിലാളി വിഭാഗങ്ങളെ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയുമായി ബന്ധപ്പെടുത്തി സംസ്ഥാന സർക്കാരിന് എപ്രകാരം പദ്ധതി ആവിഷ്കരിക്കാനാകും എന്ന കാര്യം സർക്കാർ സജീവമായി പരിശോധിച്ചു വരികയാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യാവസായികോല്പന്നങ്ങളുടെ കയറ്റുമതി

1 [1268] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, ഇ. എം. അഗസ്തി:
,, കെ. മുഹമ്മദാലി:
,, എൻ. ശക്തൻ:
,, എം. എ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായികോല്പന്നങ്ങളുടെ കയറ്റുമതിയിൽ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ 2000-2001-ന് ശേഷം ഇക്കാര്യത്തിൽ എന്ത് പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തുനിന്നുള്ള വ്യാവസായികോൽപന്നങ്ങളുടെ കയറ്റുമതിയിൽ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2000-2001-ൽ 4572 കോടി രൂപ ആയിരുന്നത് 2001-2002-ൽ 4648 കോടി ആയും 2002-2003-ൽ 5323 കോടി ആയും 2003-2004-ൽ 5734 കോടിയായും (പ്രൊവിഷണൽ) ഉയർന്നിട്ടുണ്ട്.

എന്റർപ്രൈസ് റിഫോംസ് കമ്മിറ്റി

2 [1277] ശ്രീ. കെ. മുഹമ്മദാലി:
,, ഇ. എം. അഗസ്തി:
,, എൻ. ശക്തൻ:
,, സി. പി. മുഹമ്മദ്:
,, എ. കെ. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിഷ്ക്കാരത്തെപ്പറ്റി പഠിച്ച് റിപ്പോർട്ടു ചെയ്യുവാൻ എന്റർപ്രൈസ് റിഫോംസ് കമ്മിറ്റിയെ നിയമിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇതിന്മേലുള്ള ശുപാർശകൾ ലഭിച്ചിട്ടുണ്ടോ; പ്രധാന ശുപാർശകൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly